(10) അശോക് ലൈലാൻഡ്, ലെത്തൂർ, പാന്താർ.

(11) ഐഷർ മോട്ടോഴ്സ്.

(12) അശോക് ലൈലാൻഡ്.

(13) റ്റാറ്റാ മോട്ടോഴ്സ്.

(14) കെ. എസ്. ആർ. ടി. സി. സെൻട്രൽ വർക്സ്, പാപ്പനംകോട്.

(ബി) പാപ്പനംകോട് കെ. എസ്. ആർ. ടി. സി. സെൻട്രൽ വർക്സിൽ 139 ബസ്സുകൾക്ക് ബോഡി നിർമ്മിച്ചു.

(സി) ഇല്ല.

ശബരിമല ബസ് സർവ്വീസ്

112 [2884] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02 മുതൽ 2004-05 വരെയുള്ള ഓരോ വർഷവും വിവിധ സ്ഥലങ്ങളിൽ നിന്നും ശബരിമലയിലേയ്ക്ക് കെ. എസ്. ആർ. ടി. സി. എത്ര സർവ്വീസുകൾ നടത്തിയെന്നും യാത്രക്കൂലിയിനത്തിൽ എന്ത് തുക ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ശബരിമലയിലേക്ക് സർവ്വീസ് നടത്തുന്നതിന് ഓരോ വർഷവും കെ. എസ്. ആർ. ടി. സി.-ക്ക് എന്ത് തുക ചെലവ് വന്നുവെന്നും എന്തു തുക ലാഭമുണ്ടായിയെന്നും വെളിപ്പെടുത്താമോ;

(സി) ഓരോ വർഷത്തേയും ചെലവിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ കൂടി വിശദമാക്കുമോ?

ഉത്തരം

(എ) 2001-02 മുതൽ 2004-05 വരെയും വിവിധ സ്ഥലങ്ങളിൽ നിന്നും ശബരിമലയിലേക്ക് കെ. എസ്. ആർ. ടി. സി. നടത്തിയ സർവ്വീസുകളുടെ വിവരവും ലഭിച്ച വരുമാനവും സംബന്ധിച്ചുള്ള വിവരം താഴെ പറയുന്നു.

വർഷം	ഓപ്പറേറ്റ് ചെയ്ത സർവ്വീസുകളുടെ എണ്ണം	യാത്രക്കൂലിയിനത്തിൽ ലഭിച്ച വരുമാനം
2001-02	9,905	6,76,57,424
2002-03	33,823	9,09,88,649
2003-04	43,024	10,19,16,477
2004-05	43,233	9,37,85,340

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശബരിമലയിലേക്ക് നടത്തുന്ന സർവ്വീസുകളുടെ ലാഭനഷ്ടകണക്ക് പ്രത്യേകം കണക്കാക്കിയിട്ടില്ല.

(സി) ബാധകമല്ല.

പന്തളം കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ നവീകരണം

113 [2885] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടനത്തിന്റെ കേന്ദ്ര സ്ഥലമെന്ന നിലയിലും മറ്റ് വിവിധങ്ങളായ കാരണങ്ങളാലും പന്തളത്ത് കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ നവീകരണം നടത്തേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പന്തളം ഡിപ്പോ (ഓപ്പറേറ്റിംഗ് സെന്റർ) എ. ടി. ഓഫീസായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) പന്തളം കെ. എസ്. ആർ. ടി. സി. ഡിപ്പോ എ.ടി. ഓഫീസായി ഉയർത്തുന്നതിന് തടസ്സമായിട്ടുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചില അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോർപ്പറേഷന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം അവ ഇപ്പോൾ പരിഹരിക്കുവാൻ നിർവ്വാഹമില്ല.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി) പന്തളം ഓപ്പറേറ്റിംഗ് സെന്ററിന് അടുത്തുള്ള രണ്ട് പ്രധാന ഡിപ്പോകളാണ് അടൂരും ചെങ്ങന്നൂരും. പന്തളത്ത് നിന്നും അടൂരിലേക്ക് 10 കി.മീറ്റർ ദൂരവും ചെങ്ങന്നൂരിലേക്ക് 14 കി. മീറ്റർ ദൂരവും ആണ്. ഈ ഡിപ്പോകളിൽ നിന്ന് പന്തളത്തേക്കും തിരിച്ചും ആവശ്യത്തിന് സർവ്വീസുകൾ നടത്തുന്നുണ്ട്. നിലവിലുള്ള സംവിധാനം ഉപയോഗിച്ചു കാര്യക്ഷമമായ സർവ്വീസ് നടത്തുവാൻ ഈ ഓപ്പറേറ്റിംഗ് സെന്ററിന് കഴിയുന്നുണ്ട്. ഈ കാരണങ്ങളാൽ പന്തളം ഓപ്പറേറ്റിംഗ് സെന്റർ എ.റ്റി. ഓഫീസായി ഉയർത്തുന്ന കാര്യം കെ. എസ്. ആർ. ടി. സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് പരിഗണിക്കുന്നതാണ്.

തൊട്ടിൽപ്പാലം ഡിപ്പോയിൽ നിന്ന് ബസ് സർവ്വീസ്

114 [2886] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തൊട്ടിൽപ്പാലം ഡിപ്പോയിൽ നിലവിൽ എത്ര ഷെഡ്യൂളുകളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly